# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 1

# വാർത്താക്കുറിപ്പ്

## സംവരണ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എം.ഫിൽ സോഷ്യൽ സയൻസിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ അപേക്ഷകർ ജൂലൈ നാലിനകം 6238852247 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/675/2020)

## പരീക്ഷഫലം

2019 മാർച്ചിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. മോഡൽ 3 സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/676/2020)

## കോവിഡ് 19: എം.ജി. തലപ്പാടി ഗവേഷണകേന്ദ്രത്തിൽ പരിശോധിച്ചത് 13000 സാമ്പിളുകൾ

മഹാത്മാഗാന്ധി സർവകലാശാലയുടെ തലപ്പാടി അന്തർ സർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്‌പെഷ്യാലിറ്റി ഹോസ്പിറ്റലിലെ വൈറസ് റിസർച്ച് സെന്ററിൽ കോവിഡ് 19 സ്ഥിരീകരിക്കുന്നതിനായി പരിശോധിച്ചത് 13000 സാമ്പിളുകൾ. മാർച്ച് 27 മുതലാണ് പരിശോധനകൾ തുടങ്ങിയത്. ഇടുക്കി, കോട്ടയം ജില്ലകളിലെ രോഗികളുടെ സ്രവ സാമ്പിൾ പരിശോധനയാണ് ക്യു-ആർ.ടി.പി.സി.ആർ. ടെസ്റ്റിലൂടെ നടത്തുന്നത്. ദിവസം 475 സാമ്പിളുകളാണ് ലാബിൽ പരിശോധിക്കുന്നത്. ഇടുക്കിയിൽ നിന്നുള്ള സാമ്പിളുകളും കോട്ടയത്തെ ചങ്ങനാശേരി, വൈക്കം, പാലാ, കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ലാ ജനറൽ ആശുപത്രി, ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പിളുകൾ റിസർച്ച് അസോസിയേറ്റുകളുടെയും ലാബ് ടെക്‌നീഷ്യന്മാരുടെയും ഗവേഷക വിദ്യാർഥികളുടെയും നേതൃത്വത്തിലാണ് പരിശോധിക്കുന്നത്. റിസർച്ച് സെന്ററിലെ ജീവനക്കാർക്ക് പുറമെ 14 ലാബ് ജീവനക്കാരെക്കൂടി സംസ്ഥാന സർക്കാർ ആരോഗ്യകേരളം പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്. 10 ലാബ് ജീവനക്കാരുടെകൂടി സേവനം ലഭ്യമായാൽ ദിവസം ശരാശരി 600 സ്രവ സാമ്പിളുകൾ വരെ പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ ഫലം നൽകാൻ കഴിയുമെന്ന് ഡയറക്ടർ ഡോ. കെ.പി. മോഹനകുമാർ പറഞ്ഞു.

### ഫോട്ടോ ക്യാപ്ഷൻ

**എം.ജി. സർവകലാശാല തലപ്പാടി അന്തർ സർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്‌പെഷ്യാലിറ്റി ഹോസ്പിറ്റലിലെ വൈറസ് റിസർച്ച് സെന്ററിൽ കോവിഡ് 19 സ്രവ സാമ്പിളുകൾ പരിശോധിക്കുന്ന ജീവനക്കാർ**

(പി.ആർ.ഒ/39/677/2020)

## പ്രൊഫ. എം.കെ. സാനു എം.ജി. സർവകലാശാല കുര്യാക്കോസ് ഏലിയാസ് ചാവറ ചെയർ അധ്യക്ഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ കുര്യാക്കോസ് ഏലിയാസ് ചാവറ പഠനപീഠത്തിന്റെ അധ്യക്ഷനായി സാഹിത്യ വിമർശകനും അധ്യാപകനും വാഗ്മിയും എഴുത്തുകാരനുമായ പ്രൊഫ. എം.കെ.

സാനുവിനെ നാമനിർദ്ദേശം ചെയ്യതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു. വിമർശനം, വ്യാഖ്യാനം, ബാലസാഹിത്യം, ജീവചരിത്രം തുടങ്ങി വിവിധ സാഹിത്യശാഖകളിലായി നാല്പതോളം കൃതികളുടെ കർത്താവാണ് പ്രൊഫ. എം.കെ. സാനു. എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, കേരള - കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരമടക്കം നേടിയിട്ടുണ്ട്. പ്രൊഫ. എം.കെ. സാനുവിന്റെ സാന്നിധ്യം അക്കാദമികരംഗത്ത് സർവകലാശാലയുടെ കുതിപ്പിന് സഹായമേകുമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

കുര്യാക്കോസ് ഏലിയാസ് ചാവറ 1844-46 കാലയളവിൽ പ്രിന്റിംഗ് പ്രസും പ്രസിദ്ധീകരണശാലയും സംസ്കൃത വിദ്യാലയവും സ്ഥാപിക്കുകയും പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ആശയം നടപ്പിലാക്കുകയും ചെയ്തു. ഖണ്ഡകാവ്യമായ 'അനസ്താസ്യയുടെ രക്തസാക്ഷ്യം', ഭാഷനാടകമായ 'ഇടയനാടകം' എന്നിങ്ങനെ സാഹിത്യസംഭാവനകളും അദ്ദേഹത്തിന്റേതായുണ്ട്.

പഠനപീഠത്തിന്റെ കോ-ഓർഡിനേറ്ററായി സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനായ ഡോ. എസ്. ഹരികുമാറിനെ നിയോഗിച്ചു.

(പി.ആർ.ഒ/39/678/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ